## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Geromic George IAS)

സംഗ്രഹം

വിഷയം :തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–പഞ്ചായത്ത് വകുപ്പിലെ ക്ലർക്കുമാരായ ശ്രീ.പ്രബിത പ്രകാശ് ,ശ്രീ.മുഹമ്മദ് സജിൽ.കെ.റ്റി എന്നിവരുടെ സീനിയോറിറ്റി പുനക്രമീകരിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ .LSGD/PD/17521/2025-GEA3 തീയതി:01-09-2025**

പരാമർശം:

1) പഞ്ചായത്ത് ഡയറക്ടറുടെ 27.05.2022 തീയതിയിലെ PAN-1805/2022-E6(DP) നമ്പർ ഉത്തരവ്.
2) തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06.06.2022 തീയതി ലെ DDP-TSR/583/2022-E2 നമ്പർ കത്ത്.
3) തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 21.08.2024-തീയതിയിലെ LSGD/JD/TSR/6978/2024-A7 നമ്പർ കത്ത്.
4) പഞ്ചായത്ത് ഡയറക്ടറുടെ 17.01.2020 തീയതിയലെ PAN-20015/2018-E6(DP) നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
5) പ്രിൻസിപ്പൽ ഡയക്ടറുടെ 27-06-2025 തീയതിയിലെ LSGD/PD/17521/2025-GEA3 നമ്പർ നോട്ടീസ്.

### ഉത്തരവ്

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്കുമാരുടെ പരാമർശം(1) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി. പ്രബിത പ്രകാശ്. കെ ശൂന്യവേതനാവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിച്ച തീയതി 25.10.2021 എന്നും ശ്രീ. മുഹമ്മദ് സജിൽ.കെ.റ്റി യുടെ പേരിന് നേരെ Inter Department എന്നും തെറ്റായ രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി സീനിയോറിറ്റി പുനഃക്രമീകരിച്ചു നല്കുന്നതിനു പരാമർശം(2) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 17.09.2014 ലെ നിയമന ശുപാർശ പ്രകാരം മുൻ പഞ്ചായത്ത് വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ 25.10.2014 തീയതി സേവനത്തിൽ പ്രവേശിച്ച ശ്രീമതി. പ്രബിത പ്രകാശ് കെ 01.11.2015 മുതൽ KSR ഭാഗം I അനുബന്ധം XII C പ്രകാരം 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും 11.11.2020 ന് തിരികെ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ശ്രീമതി.പ്രബിത പ്രകാശ്.കെ-യുടെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ടിയാൾ ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ സേവനത്തിൽ പ്രവേശിച്ച 11.11.2020 അടിസ്ഥാനമാക്കിയാണ് നിർണ്ണയിക്കേണ്ടത്. ആയത് പ്രകാരം പരാമർശം (1) അന്തിമ സീനിയേറിറ്റി പട്ടികയിൽ ശ്രീമതി. പ്രബിത പ്രകാശ് കെ യുടെ സ്ഥാനം ക്രമ നം. 65 വിനേഷ് കുഞ്ഞുമോൻ, ക്രമനം. 66, സുധീഷ് പി എസ് എന്നിവർക്കിടയിലായി ക്രമ നം. 65 A ആയിട്ടും പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ടിയാളെ തെറ്റായി ഉൾപ്പെട്ടിട്ടുള്ള ക്രമ നം. 416 DELETED എന്ന് രേഖപ്പെടുത്തിയും കൂടാതെ ക്ലാർക്ക് തസ്തികയിലെ നിയമന ശുപാർശ തീയതി അടിസ്ഥാനമാക്കി ശ്രീമതി. പ്രബിത പ്രകാശ് ഉൾപ്പെട്ടിട്ടുള്ള പരാമർശം (4) സീനിയോറിറ്റി പട്ടികയിലെ ക്രമ നം. 526 ൽ നിന്നും ടിയാളുടെ പേര് ഒഴിവാക്കി ക്രമ നം.526 DELETED എന്ന് രേഖപ്പെടുത്തിയും പരാമർശം(5) പ്രകരം നോട്ടീസ് പ്രസിദ്ധീകരിച്ചിരിക്കുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ 03.08.2021 നിയമന ശുപാർശ തീയതി പ്രകാരം മുൻ പഞ്ചായത്ത് വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. മുഹമ്മദ് സജിൽ കെ റ്റി യെ ടിയാൾ പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച തീയതിയായ 14.09.2021 അടിസ്ഥാനമാക്കി IDTഎന്ന് തെറ്റായി രേഖപ്പെടുത്തിയാണ് പരാമർശം (1) അന്തിമ സീനിയോറിറ്റി പട്ടികയിൽ ക്രമ നം. 382 ആയി ക്രമീകരിച്ചിട്ടുള്ളത്. നിയമന ശുപാർശ തീയതിയിയായ 03.08.2021 അടിസ്ഥാനമാക്കി ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റിയ്ക്ക് അർഹതയുള്ളതിനാൽ ശ്രീ. മുഹമ്മദ് സജിൽ കെ റ്റി യെ നിയമന ശുപാർശ തീയതി അടിസ്ഥാനമാക്കി പരാമർശം(1) അന്തിമ സീനിയോറിറ്റി പട്ടികയിൽ ടിയാളുടെ നിയമന ഉത്തരവിലെ തീയതി അടിസ്ഥാനമാക്കി ക്രമ നം. 306 സുലക്ഷണ എ എൻ ക്രമ നം. 307 സോജി എസ് ജെ എന്നിവർക്കിടയിലായി ക്രമം നം. 306 A ആയി ഉൾപ്പെടുത്തിയും ശ്രീ. മുഹമ്മദ് സജിൽ.കെ.റ്റി തെറ്റായി ഉൾപ്പെട്ട ക്രമ നം. 382 DELETED എന്ന് രേഖപ്പെടുത്തിയും

പരാമർശം(5) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരിക്കുന്നു.

പ്രസ്തുത താത്ക്കാലിക തീരുമാനത്തിൽ ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ ശ്രീമതി.പ്രബിത പ്രകാശ്.കെ,ശ്രീ.മുഹമ്മദ് സജിൽ.കെ.റ്റി എന്നിവരുടെ സീനിയോരിറ്റി മേൽ പറയും പ്രകാരം പുനക്രമീകരിച്ചും അപ്രകാരം ഭേദഗതി ചെയ്യും ഉത്തരവാകുന്നു.

**Geromic George IAS**
**PRINCIPAL DIRECTOR**

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ജൂനിയർ സൂപ്രണ്ട്,DEC-സെക്ഷൻ
3. സിസ്റ്റം സൂപ്പർ വൈസർ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George Ias
Date: 01-09-2025 18:14:50